മാൻ വളർത്തൽ കേന്ദ്രത്തിൽ ജോലി ചെയ്യുന്നവർ

1344. [2017] ശ്രീ. കെ.വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) നെയ്യാർ വനത്തിനുള്ളിലെ മാൻ വളർത്തൽ കേന്ദ്രത്തിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ട് ;

(ബി) അതിൽ ആദിവാസികൾ എത്ര ? അവർക്ക് എത്ര രൂപയാണ് വേതനമായി നൽകുന്നത് ?

ഉത്തരം

(എ) രണ്ടുപേർ ജോലി ചെയ്തിരുന്നു. മാനുകളെ കാട്ടിലേക്കു വിട്ടതുകൊണ്ട് ഇപ്പോൾ ആരും ജോലിയിലില്ല.

(ബി) രണ്ടുപേരും ആദിവാസികളായിരുന്നു. അന്നു പ്രാബല്യത്തിലുള്ള റേറ്റനുസരിച്ച് ദിവസവേതനമായി 18 രൂപവീതം നൽകിയിരുന്നു.

നെയ്യാർ സഫാരി പാർക്കിനുവേണ്ടി ചെലവായ തുക

1345. [2018] ശ്രീ. കെ.വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) നെയ്യാർ (ലയൺ) സഫാരി പാർക്കിനു വേണ്ടി ഇതുവരെ എത്ര രൂപ ചെലവായി ;

(ബി) ഈ പാർക്കിനു വേണ്ടി കേന്ദ്രസർക്കാരിൽ നിന്നും എത്ര രൂപ ലഭിച്ചിട്ടുണ്ട് ;

(സി) ഈ കേന്ദ്രത്തിൽ എത്ര പേരാണ് പണിയെടുക്കുന്നത് ; ഇതിൽ ആദിവാസികളുടെ കണക്ക് പ്രത്യേകം വെളിപ്പെടുത്താമോ ;

(ഡി) നെയ്യാറിൽ ഫോറസ്റ്റ് കാർട്ടേഴ്സ് പണിയുന്നതിലേക്കായി എത്ര രൂപ ചെലവാക്കിയിട്ടുണ്ട് ;

(ഇ) ഈ കേന്ദ്രത്തിൽ കെട്ടിടങ്ങൾക്കുവേണ്ടി ചെലവാക്കിയ തുകയുടെ കണക്കും, അതിന്റെ വിശദവിവരങ്ങളും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 17,05,020.31 രൂപ ചെലവായിട്ടുണ്ട്.

(ബി) 17,05,020.31 രൂപ ലഭിച്ചിട്ടുണ്ട്.

(സി) 3 പേർ, ഇതിൽ ആദിവാസികൾ ആരും തന്നെയില്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) കാർട്ടേഴ്സുകൾ ഒഴികെ മറ്റു കെട്ടിടങ്ങൾക്കു ചെലവായ തുക താഴെ പറയുംപ്രകാരമാണ്.

1. ഫോറസ്റ്റ് റെസ്റ്റ് ഹൗസ് — 1,32,613.20 രൂപ
2. മീൻമുട്ടി ഫോറസ്റ്റ് കോട്ടേജ് — 5,55,202.00 രൂപ
3. വൈൽഡ് ലൈഫ് വാർഡന്റെ ആഫീസ് — 3,19,390.85 രൂപ
4. വൈൽഡ് ലൈഫ് വാർഡന്റെ കാർട്ടേഴ്സ് — 2,35,345.81 രൂപ

LIBRARY ARCHIVES Kerala Legislative Assembly